ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:23.08.2024**

## പ്രധാനവാർത്തകൾ

1). **പോളണ്ട് സന്ദർശനം പൂർത്തിയാക്കി യുക്രെയിനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്. യുക്രെൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.**

2) **ഹേമ കമ്മിറ്റി റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്നതായും, കുറ്റകൃത്യങ്ങളിൽ കേസെടുത്ത് അന്വേഷണം നടത്തണമെന്നും താരസംഘടനയായ A.M.M.A. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ ചലച്ചിത്ര മേഖലയെ അടച്ചാക്ഷേപിക്കരുതെന്നും സംഘടന.**

3) **കേരളത്തിൽ നിന്ന് വിദേശ പഠനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം രാജ്യത്തെ ആകെയുള്ള കണക്കിൻറെ നാല് ശതമാനം മാത്രമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

4) **ഓണത്തിന് മുന്നോടിയായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ഭക്ഷസുരക്ഷാ പരിശോധന ശക്തമാക്കി ആരോഗ്യ വകുപ്പ്.**

5) **ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് - ബംഗളൂരു എഫ് സി യെ നേരിടും.**

RNU TVPM

## പ്രധാനമന്ത്രി - യുക്രൈൻ

പോളണ്ട് സന്ദർശനം പൂർത്തിയാക്കി യുക്രൈനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള വരവേൽപ്. ട്രെയിൻ മാർഗ്ഗം കീവിലെത്തിയ പ്രധാനമന്ത്രിയെ ഇന്ത്യൻ സമൂഹം ഉത്സാഹപൂർവ്വമാണ് സ്വീകരിച്ചത്. യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയ്യോപ്പം, അദ്ദേഹം കീവിലെ ദേശീയ ചരിത്ര മ്യൂസിയത്തിൽ രക്തസാക്ഷികളായ കുട്ടികളെക്കുറിച്ചുള്ള മൾട്ടിമീഡിയ പ്രദർശനം വീക്ഷിച്ചു. സംഘർഷത്തിൽ കുരുന്നു ജീവനുകൾ പൊലിഞ്ഞതിൽ ദുഃഖം രേഖപ്പെടുത്തിയ ശ്രീ മോദി കുട്ടികളുടെ ഓർമകളോടുള്ള ആദരസൂചകമായി കളിപ്പാട്ടവും സമർപ്പിച്ചു. കീവിലെ മഹാത്മാഗാന്ധി പ്രതിമയിൽ ആദരാഞ്ജലികൾ അർപ്പിച്ച അദ്ദേഹം ഗാന്ധിജി നൽകിയ സമാധാനത്തിൻറെ സന്ദേശം, സമകാലിക ലോകം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ മാർഗ്ഗമൊരുക്കുന്നതായും ചൂണ്ടിക്കാട്ടി. വൊളോഡിമിർ സെലൻസ്കിയുമായി നടന്ന ഉഭയകക്ഷി കൂടിക്കാഴ്ച വളരെ ഫലപ്രദമായിരുന്നുവെന്നും ശ്രീ മോദി പറഞ്ഞു . വ്യാപാരബന്ധം, കൃഷി, പ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ നേതാക്കൾക്കിടയിൽ നടന്നു. റഷ്യ-യുക്രൈൻ സംഘർഷം നയതന്ത്രമാർഗ്ഗങ്ങളിലൂടെ പരിഹരിക്കണമെന്ന നിലപാട് ഇന്ത്യ ആവർത്തിച്ച് വ്യക്തമാക്കുന്നതിനിടയിലുള്ള പ്രധാനമന്ത്രിയുടെ യുക്രൈൻ സന്ദർശനത്തിന് ഏറെ രാഷ്ട്രീയ പ്രാധാന്യമാണുള്ളത്.

RNU TVPM

## അമ്മ - വാർത്താ സമ്മേളനം

ഹേമ കമ്മിറ്റി റിപ്പോർട്ടിനെ സ്വാഗതം ചെയ്യുന്നതായും, റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ നടപ്പാക്കണമെന്നും താരസംഘടനയായ A.M.M.A.. റിപ്പോർട്ട് പുറത്തു വരുന്നതിനെ A.M.M.A. എതിർത്തിട്ടില്ലെന്നും സംഘടനയുടെ ജനറൽ സെക്രട്ടറി സിദ്ധിക്ക് കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കുറ്റകൃത്യം നടന്നിട്ടുണ്ടെങ്കിൽ കേസെടുത്ത് അന്വേഷണം നടത്തണം എന്നാണ് A.M. M.A യുടെ ആവശ്യം. പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സംഘടനയ്ക്കില്ല. സിനിമാ മേഖലയിലെ വനിതകൾക്ക് സുരക്ഷിതമായ തൊഴിൽ സാഹചര്യം ഉറപ്പു വരുത്തേണ്ടത് സംഘടനയുടെയും ആവശ്യമാണ്. A. M. M.A യ്ക്ക് എതിരായ റിപ്പോർട്ട് അല്ല ഇതെന്നും എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ ചലച്ചിത്ര മേഖലയെ അടച്ചാക്ഷേപിക്കുന്നതിനോട് എതിർപ്പുണ്ടെന്നും ശ്രീ. സിദ്ധിഖ് പറഞ്ഞു. റിപ്പോർട്ടിൽ പറയുന്ന പവർ ഗ്രൂപ്പിനെ കുറിച്ച് തനിക്ക് അറിയില്ലെന്നും, അദ്ദേഹം അറിയിച്ചു. എന്നാൽ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളെ ഒറ്റപ്പെട്ട സംഭവങ്ങളെന്ന് പറഞ്ഞ് ഒഴിഞ്ഞ് മാറാൻ സാധിക്കില്ലെന്നും, ആരോപണവിധേയർ അഗ്നിശുദ്ധി വരുത്തണമെന്നും A. M. M.A വൈസ് പ്രസിഡൻറ് ജഗദീഷ് പ്രതികരിച്ചു. റിപ്പോർട്ടിന്മേൽ സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

*****************************************************************************************************************

## ഹേമ - വി ഡി സതീശൻ, കെ സുരേന്ദ്രൻ

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ വിവരാവകാശ കമ്മിഷൻ ആവശ്യപ്പെടാത്ത ഭാഗങ്ങൾ സർക്കാർ വെട്ടി മാറ്റിയതായി ആരോപിച്ച് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ. കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാതെ സിനിമ കോൺക്ലേവ്

നടത്താൻ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. റിപ്പോർട്ടിൽ അടിയന്തര നടപടി ആവശ്യപ്പെട്ട് മഹിളാ കോൺഗ്രസ് കൊച്ചിയിൽ സംഘടിപ്പിച്ച സത്യാഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രതിപക്ഷ നേതാവ്. ഹേമ കമ്മിറ്റി റിപ്പോർട്ടിനെ താരസംഘടന സ്വാഗതം ചെയ്ത സാഹചര്യത്തിൽ തുടർനടപടികളിലേക്ക് സർക്കാർ നീങ്ങണമെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ ആവശ്യപ്പെട്ടു. സ്ത്രീകൾക്ക് വേണ്ടി സംസാരിക്കുകയും വേട്ടക്കാരെ സഹായിക്കുകയും ചെയ്യുന്ന വിചിത്രമായ നിലപാടാണ് എൽ.ഡി.എഫ് സർക്കാർ സ്വീകരിക്കുന്നതെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ ആരോപിച്ചു.

******************************************************************************************

**<u>വയനാട് - ഹൈക്കോടതി</u>**

വയനാട് ഉരുൾപൊട്ടലിൽ ദുരിതം അനുഭവിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിക്കുന്ന തുകയിൽ നിന്ന് പ്രതിമാസ വായ്പാ തിരിച്ചടവ് ഈടാക്കരുതെന്ന് ഹൈക്കോടതി നിർദേശം. ഇത് സംബന്ധിച്ച് സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു കോടതി. ദുരിതബാധിതരോട് അനുകമ്പയോടെ പെരുമാറണമെന്നും, വായ്പകൾ പുനഃക്രമീകരിക്കുകയോ എഴുതിത്തള്ളുകയോ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്നും ഡിവിഷൻ ബെഞ്ച് നിർദ്ദേശിച്ചു. ദുരിതബാധിതരുടെ വായ്പകൾ എഴുതിത്തള്ളതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് സർക്കാർ അഭിഭാഷകൻ കോടതിയെ

RNU TVPM

അറിയിച്ചു. കേസ് ഹൈക്കോടതി അടുത്തയാഴ്ച വീണ്ടും പരിഗണിക്കും.

*****************************************************************************************************

**ഭക്ഷ്യസുരക്ഷ-ചെക്ക്**

ഓണത്തിന് മുന്നോടിയായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി കടന്നുവരുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഭക്ഷ്യസുരക്ഷ സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ വാളയാർ, മീനാക്ഷിപുരം, ഗോവിന്ദാപുരം എന്നീ ചെക്ക് പോസ്റ്റുകളിൽ രാത്രികാല പരിശോധനകൾ നടത്തിയതായും മന്ത്രി പറഞ്ഞു. പാൽ, പഴവർഗങ്ങൾ, മത്സ്യം, വെളിച്ചെണ്ണ എന്നിവ മൊബൈൽ ഫുഡ് ടെസ്റ്റിങ് ലാബിന്റെ സഹായത്തോടെ പരിശോധന നടത്തി. ലാബിൽ നിന്ന് പരിശോധന റിപ്പോർട്ട് വരുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*****************************************************************************************************

**മുഖ്യമന്ത്രി - കണ്ണൂർ**

കേരളത്തിൽ നിന്ന് വിദേശ പഠനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇന്ത്യയിലെ ആകെ കണക്കിൻറെ നാല് ശതമാനമാനം മാത്രമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 285 കോടി രൂപ ചിലവിൽ സ്ഥാപിക്കുന്ന വിദ്യാഭ്യാസ സമുച്ചയമായ പിണറായി എജുക്കേഷൻ ഹബിൻറെ ശിലാസ്ഥാനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഉന്നത വിദ്യാഭ്യാസ മേഖല അഭിവൃദ്ധിപ്പെടുത്താനുള്ള പ്രവർത്തനം ആരംഭിച്ചപ്പോൾ തന്നെ വിദേശത്തുനിന്നുള്ള വിദ്യാർഥികൾ കേരളത്തിലേക്ക് വരാൻ താൽപര്യം പ്രകടിപ്പിച്ചതായും അദ്ദേഹം പറഞ്ഞു. ഈ വർഷം 2,600- ഓളം

വിദേശ വിദ്യാർഥികളുടെ അപേക്ഷ കേരളത്തിലെ വിവിധ വിദ്യാഭ്യാസ്ഥാപനങ്ങളിൽ ലഭിച്ചിട്ടുണ്ടെന്നും കുസാറ്റിൽ 1,590 വിദേശ വിദ്യാർഥികൾ നിലവിൽ പഠിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

---

## ആശുപത്രികൾ-ഡിജിറ്റൽ

സർക്കാർ ആശുപത്രികളിൽ ഡിജിറ്റലായി പണം അടയ്ക്കാനുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് തയാറാകുന്നതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയ താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ആദ്യ ഘട്ടത്തിൽ പദ്ധതി പ്രാബല്യത്തിൽ വരും. 63 ആശുപത്രികളിലാണ് ആദ്യം സംവിധാനമൊരുക്കുക. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഓൺലൈൻ സംവിധാനത്തിലൂടെ മുൻകൂറായി ഒ.പി. ടിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചതായും ആരോഗ്യ മന്ത്രി അറിയിച്ചു. ആശുപത്രികളിൽ ക്യൂ നിൽക്കാതെ ക്യു ആർ കോഡ് ഉപയോഗിച്ച് ടിക്കറ്റ് എടുക്കാനുള്ള സംവിധാനവും സജ്ജമാക്കും.

RNU TVPM

---

## റോബോട്ടിക് കിറ്റുകൾ- വി ശിവൻകുട്ടി

സാങ്കേതിക രംഗത്തുള്ള മാറ്റങ്ങൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 20,000 റോബോട്ടിക് കിറ്റുകൾ കൂടി സംസ്ഥാനത്തെ സ്കൂളുകൾക്ക് ലഭ്യമാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. നിലവിൽ സകൂളുകളിൽ നൽകിയിട്ടുള്ള 9,000 റോബോട്ടിക് കിറ്റുകൾക്ക് പുറമെയാണിത്. ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പിൻറെ ഉദ്ഘാടനവും, കൈറ്റ്

തയ്യാറാക്കിയ പുതിയ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൻറെ പ്രകാശനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

**************************************************************************************************

**<u>മൻ കി ബാത്</u>**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്, ഈ ഞായറാഴ്ച രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിൻറെ 113-ആം പതിപ്പാണിത്.

**************************************************************************************************

**<u>കാട്ടാനയെ തുരത്തി</u>**

സുൽത്താൻ ബത്തേരി കെഎസ്ആർടിസി ഡിപ്പോയിൽ എത്തി മണിക്കൂറുകളോളം പരിഭ്രാന്തി സൃഷ്ടിച്ച കാട്ടു കൊമ്പനെ വനത്തിലേക്ക് തുരത്തി. പഴുപ്പത്തൂർ ചപ്പക്കൊല്ലി ഭാഗത്ത് എത്തിച്ചാണ് ആനയെ വനം വകുപ്പ് ജീവനക്കാർ കാട്ടിനുള്ളിലേക്ക് തുരത്തിയത്.

BINU TVPM

**************************************************************************************************

**<u>കണ്ണൂർ - സമരം പിൻവലിച്ചു</u>**

കണ്ണൂർ ജില്ലയിൽ പാചക വാതക സിലിൻഡറുകളെത്തിക്കുന്ന ലോറി ഡ്രൈവർമാർ ഒരാഴ്ചയിലധികമായി നടത്തി വന്ന സമരം പിൻവലിച്ചു. എ.ഡി.എം, നവീൻ ബാബുവിന്റെ അധ്യക്ഷതയിൽ നടന്ന ചർച്ചയിലാണ് സമരം പിൻവലിക്കാൻ തീരുമാനിച്ചത്. വേതന വർദ്ധന സംബന്ധിച്ച ആവശ്യം ഉടമകൾ അംഗീകരിച്ചതിനെ തുടർന്നാണ് സമരം പിൻവലിച്ചത്.

**************************************************************************************************

**മനുഷ്യാവകാശ കമ്മീഷൻ**

ചെറിയ തുകയ്ക്കുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിൽ നിന്നും വിശദീകരണം തേടി. ബന്ധപ്പെട്ടവർ ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ ആവശ്യപ്പെട്ടു. വാടക കരാർ, ചിട്ടി, സമ്മതപത്രങ്ങൾ തുടങ്ങിയവയ്ക്ക് ആവശ്യമുള്ള ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്കാണ് ക്ഷാമമെന്ന് പരാതിയിൽ പറയുന്നു. ഇതുകാരണം 1000, 5000 രൂപയുടെ മുദ്രപത്രങ്ങൾ വാങ്ങാൻ ആവശ്യക്കാർ നിർബന്ധിതരാകുന്നതായും പരാതിയുണ്ട്.

********************************************************************************

**ഡ്യൂറൻഡ് കപ്പ്**

ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് - ബംഗളൂരു എഫ് സി യെ നേരിടും . രാത്രി 7 ന് കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

********************************************************************************

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് നാളെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. കേരള ലക്ഷദ്വീപ് കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

********************************************************************************

********************************************************************************

********************************************************************************

RNU TVPM